(സി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധിയും ജല അതോറിറ്റി ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി കാലഹരണപ്പെട്ട പൊതുടാപ്പുകൾ നീക്കം ചെയ്യുവരാറുണ്ട്. പൊട്ടിയ പൈപ്പ് ലൈനുകൾ ഉടൻ റിപ്പയർ നടത്തി ശുദ്ധജല വിതരണം കാര്യക്ഷമമാക്കി വരുന്നുണ്ട്. ജലവിതരണം തടസ്സപ്പെടാതിരിക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും വരൾച്ചയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ വിവിധ ഏജൻസികളുമായി യോഗം ചേരുകയും ചെയ്യുവരുന്നു.

പെരുനാട്-അത്തിക്കയം കുടിവെള്ളപദ്ധതിയുടെ നിർമ്മാണം

178 (2458) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

പെരുനാട്-അത്തിക്കയം കുടിവെള്ളപദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്; ആദ്യഘട്ടത്തിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; അടുത്തഘട്ടത്തിൽ എത്ര തുകയാണ് ചെലവുവരിക; ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് ഇതിലുണ്ടാവുക; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 1400 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. 8 mld ജലശുദ്ധീകരണശാല
2. 350 mm DI K9 പൈപ്പ് ഉപയോഗിച്ച് റോ വാട്ടർ പമ്പിംഗ് മെയിൻ
3. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ
   (a) കോട്ടപാറ ശുദ്ധജല സംഭരണിയിലേക്ക് (150 mm DI K9)
   (b) ഇടപ്രാമല ശുദ്ധജല സംഭരണിയിലേക്ക് (100 mm DI K9)
   (c) മുക്കം വരെയുള്ള ഗ്രാവിറ്റി മെയിന് (500 mm DI K7)
4. നിലവിലുള്ള ഇൻടേക്ക് കിണറിന്റെയും പമ്പ് ഹൗസിന്റെയും നവീകരണം
5. ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം
6. ചെമ്പൻമുടി, പഞ്ചാരമുക്ക് എന്നിവിടങ്ങളിലെ ജലസംഭരണികളുടെ നിർമ്മാണം
7. പമ്പ് സെറ്റ് സ്ഥാപിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഇവയിൽ ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് ലൈനുകൾ, ഗ്രാവിറ്റി മെയിൻ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു നിലവിലുള്ള കിണറിന്റെയും പമ്പ് ഹൗസിന്റെയും നവീകരണ പ്രവൃത്തികൾ രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ പങ്കെടുത്തില്ല. ടി പണിയുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ. അനുസരിച്ച് പുതുക്കി തയ്യാറാക്കിവരുന്നു. ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ എസ്റ്റിമേറ്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ കേരളാ വാട്ടർ അതോറിറ്റി ഉടൻ ആരംഭിക്കുന്നതാണ്. ചെമ്പൻമുടി, പഞ്ചാരമുക്ക് എന്നീസ്ഥലങ്ങളിലെ ജലസംഭരണികൾ നിർമ്മിക്കുവാനുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കേണ്ടിയിരിക്കുന്നു. മേൽ സൂചിപ്പിച്ച പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതാണ്.

പെരുനാട്-അത്തിക്കയം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 41.40 കോടിരൂപയുടെ ഡി.ഇ.ആർ. തയ്യാറാക്കിവരുന്നു.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. വിതരണ ശൃംഖല
2. കോട്ടപാറ ജലസംഭരണി മുതൽ മാമ്പാറ ജലസംഭരണിവരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
3. ജലശുദ്ധീകരണശാല മുതൽ മന്നംപുഴ ലോ ലെവൽ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
4. മന്നംപുഴ സംപ് മുതൽ മന്നംപുഴ ടോപ്പ് ജലസംഭരണി വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
5. ജലശുദ്ധീകരണശാല മുതൽ മുണ്ടാമല ലോ ലെവൽ വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
6. മുണ്ടാമല ലോ ലെവൽ മുതൽ മുണ്ടാമല ടോപ്പ് ജലസംഭരണി വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
7. മുണ്ടാമലയിൽ (ലോ ലെവൽ) പമ്പ് ഹൗസ് നിർമ്മാണം
8. മുണ്ടാമല ടോപ്പിൽ ജലസംഭരണിയുടെ നിർമ്മാണം
9. പമ്പ് സെറ്റ് സ്ഥാപിക്കൽ
10. വൈദ്യുത ലൈൻ നീട്ടൽ, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കൽ മുതലായവ.

LIBRARY ARCHIVES Kerala Legislative Assembly